മത്സ്യത്തൊഴിലാളി ക്ഷേമനിധി പെൻഷൻ

228 (1984) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ നിന്നും പെൻഷന് അർഹത നേടിയിട്ടുള്ളവർ പെൻഷൻ ലഭിക്കുവാൻ എത്തെല്ലാം രേഖകളാണ് നൽകേണ്ടതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിലേക്ക് വരുമാന സർട്ടിഫിക്കറ്റ് നൽകേണ്ടതുണ്ടോ :

(സി) എത്ര രൂപ വരെ പ്രതിവർഷ വ്യക്തിഗത വരുമാനമുള്ളവർക്കാണ് പെൻഷന് അർഹതയുള്ളതെന്ന് വ്യക്തമാക്കുമോ :

(ഡി) ക്ഷേമനിധിയിൽ അംഗമായി വിഹിതം അടച്ച് 60 വയസ്സ് പൂർത്തിയായവർ പെൻഷൻ ലഭിക്കുന്നതിന് വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടിവരുന്നതും വ്യക്തിഗത വരുമാനം നിശ്ചിത തുകയിൽ താഴെയായിരിക്കണമെന്നുമുള്ള വ്യവസ്ഥകൾ ഒഴിവാക്കാൻ നടപടി ഉണ്ടാകുമോ ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ നിന്നും വാർദ്ധക്യകാല പെൻഷന് അർഹത നേടിയിട്ടുള്ളവർ പെൻഷൻ കൈപ്പറ്റുന്ന സമയത്ത് ക്ഷേമനിധി ബോർഡ് നൽകിയിട്ടുള്ള പാസ്ബുക്ക് ഹാജരാക്കേണ്ടതാണ്. മരണപ്പെട്ട മത്സ്യത്തൊഴിലാളിയുടെ ഭാര്യയ്ക്ക് നൽകുന്ന പെൻഷൻ (വിധവാ പെൻഷൻ) കൈപ്പറ്റാൻ വരുന്ന സമയത്ത പുനർ വിവാഹം ചെയ്തിട്ടില്ലെന്ന് വാർഡ് മെമ്പർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റും ക്ഷേമനിധി ബോർഡ് നൽകിയിട്ടുള്ള പെൻഷൻ പാസ്ബുക്കും ഹാജരാക്കേണ്ടതാണ്.

(ബി) മത്സ്യത്തൊഴിലാളി പെൻഷൻ കൈപ്പറ്റുന്നതിനായി വരുമാന സർട്ടിഫിക്കറ്റ് നൽകേണ്ടതില്ല. എന്നാൽ പെൻഷൻ അപേക്ഷ സമർപ്പിക്കുന്ന സമയത്ത് അപേക്ഷയോടൊപ്പം വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുണ്ട്.

(സി) മത്സ്യത്തൊഴിലാളി പെൻഷൻ ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള വ്യക്തിഗത വാർഷിക വരുമാനപരിധി 5,000 രൂപയാണ്.

(ഡി) പരിശോധിച്ചുവരുന്നു.

മത്സ്യത്തൊഴിലാളികൾക്കുള്ള സഹായം

227 (1985) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യബന്ധന ജോലിക്കിടയിൽ അപകടത്തിൽപ്പെട്ട് മരണമടയുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് നൽകുന്ന സഹായ പദ്ധതികൾ ഏതൊക്കെ ആണ് ;

LIBRARY ARCHIVES Kerala Legislative Assembly